**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1264** **15-10-2026-ൽ മറുപടിയ്ക്ക്**

**സർവോദയ മണ്ഡലം/ഭൂദാൻ ഭൂമി പതിച്ചുനൽകലും തണ്ടപ്പേര് ലഭിക്കുന്നതിലെ തടസ്സങ്ങളും**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** ഭൂരഹിതർക്ക് പട്ടയം വിതരണം ചെയ്യുന്ന നടപടികളുടെ നിലവിലെ പുരോഗതി എന്താണെന്ന് വ്യക്തമാക്കുമോ;

**മറുപടി:** സംസ്ഥാനത്ത് ഭൂരഹിതർക്ക് പട്ടയം വിതരണം ചെയ്യുന്നതിന്റെ ഭാഗമായി പട്ടയമേളകൾ നടന്നു വരുന്നു. ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പട്ടയമേളകൾ നടന്നിട്ടുള്ളതും 10699 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതുമാണ്. മറ്റു ജില്ലകളിൽ പട്ടയമേള നടന്നു വരുന്നു.

കേരളഭൂപരിഷ്കരണ നിയമം 1963 വകുപ്പ് 96, കേരളഭൂപരിഷ്കരണ ഭൂപരിധി ചട്ടങ്ങളിലെ ചട്ടം 27 മുതൽ 30 വരെയും ഉള്ള വ്യവസ്ഥകൾക്ക് വിധേയമായാണ് മിച്ചഭൂമി പട്ടയം അനുവദിക്കുന്നത്. ഇത് യഥാവിധി ഏറ്റെടുക്കുന്ന ഭൂമിയുടെ അടിസ്ഥാനത്തിൽ യഥാസമയം നിർവ്വഹിച്ച് വരുന്നു. നിലവിൽ 110 ഹെക്ടറോളം ഭൂമി വിതരണത്തിന് ശേഷിക്കുന്നതും ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടി ജില്ലാ കളക്ടർമാർ മുഖാന്തിരം സ്വീകരിച്ച് വരുന്നതുമാണ്.

**(ബി)** ഭൂരഹിതർ ദീർഘകാലമായി കൈവശം വച്ചുവരുന്ന ഭൂമിക്ക് (പ്രത്യേകിച്ച് സർവോദയ മണ്ഡലം/ ഭൂദാൻ ഭൂമി ഉൾപ്പെടെയുള്ളവ) പട്ടയം അനുവദിക്കുന്നതിൽ റവന്യൂ തലത്തിൽ നിലനിൽക്കുന്ന പ്രധാന തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

**മറുപടി:** ഭൂരഹിതർ ദീർഘകാലമായി കൈവശം വച്ചുവരുന്ന ഭൂമിക്ക് (പ്രത്യേകിച്ച് സർവോദയ മണ്ഡലം/ ഭൂദാൻ ഭൂമി ഉൾപ്പെടെയുള്ളവ) പട്ടയം അനുവദിച്ചു വരുന്നു.

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭയിലെ അയ്യർ ഭൂദാനം കോളനിയിലെ കൈത്തറി തൊഴിലാളികൾക്ക് പതിച്ചു നൽകിയ ഭൂമിയുടെ പട്ടയത്തിലെ വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ചും സർവ്വോദയ മണ്ഡലത്തിന് ലഭിച്ച പയ്യന്നൂർ താലൂക്കിലെ ഭൂദാന പ്രദേശത്ത് താമസിച്ച് വരുന്ന ഭൂദാന യജ്ഞ പ്രകാരം കുടുംബങ്ങളുടെ ഭൂമി ക്രയവിക്രയം നടത്തുന്നതിനോ ബാങ്കിൽ പണയം വെച്ച് വായ്പ എടുക്കുന്നതിനോ സാധിക്കുന്നില്ലായെന്നത് സംബന്ധിച്ചുമുള്ള വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

13/02/2026 തീയതിയിലെ GO(P) No.66/2026/RD പ്രകാരം 1962 ലെ കേരള ഭൂദാൻ അസൈൻമെന്റ് ചട്ടങ്ങളിൽ ഭേദഗതി വരുത്തി കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം

പതിച്ച് നൽകിയ ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള ആജീവനാന്ത നിരോധനം ഒഴിവാക്കി, പകരം ഭൂമി ലഭിച്ച തീയതി മുതൽ 25 വർഷത്തെ ലോക്ക് ഇൻ പീരിഡ് നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്.

**(സി)** കൈവശാവകാശമുള്ള ഭൂമിക്ക് തണ്ടപ്പേര് ലഭിക്കാത്തതുമൂലം പൊതുജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി താലൂക്ക്/ജില്ലാ അടിസ്ഥാനത്തിൽ പ്രത്യേക റവന്യൂ അദാലത്തുകൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

**മറുപടി:** പരിശോധിക്കുന്നതാണ്.

**(ഡി)** പട്ടയ വിതരണവുമായി ബന്ധപ്പെട്ട് കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിനായി പ്രത്യേക മിഷൻ അല്ലെങ്കിൽ സമയബന്ധിത പദ്ധതി നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

**മറുപടി:** പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**